പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1511

21-3-2012 ൽ
മറുപടിക്ക്

## സിഡിറ്റ് പ്രോജക്ട് സൂപ്പർവൈസറുടെ യോഗ്യതയും വേതന വ്യവസ്ഥകളും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാന ആർക്കൈവ്സ് ഡയറക്ടറേറ്റിൽ നിലവിൽ സിഡിറ്റിന്റെ എത്ര പ്രോജക്ടുകൾ നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ; | എ) | നിലവിൽ ആർക്കൈവ്സിന്റെ 2 പ്രോജക്കുകൾ സി-ഡിററ് നടത്തിവരുന്നു.<br>(1) ചുരുണ ഡിജിറൈറസേഷൻ രണ്ടാം ഘട്ടം<br>(2) ഇൻഡക്സ് രജിസ്റ്റർ ഡാററാബേസ് ക്രിയേഷൻ |
| ബി) പ്രസ്തുത പ്രോജക്ടുകൾക്ക് മേൽനോട്ടം വഹിക്കാൻ നിയമിച്ചിട്ടുള്ള പ്രോജക്ട് സൂപ്പർവൈസറുടെ നിർദ്ദിഷ്ഠ യോഗ്യതയും വേതന വ്യവസ്ഥകളും വ്യക്തമാക്കുമോ; | ബി) | കംപ്യൂട്ടർ എഞ്ചിനീയറിംഗിൽ 3 വർഷത്തെ ഡിപ്ലോമ.13,350/-രൂപ(കൺസോളിഡേററഡ്). |
| സി) ആർക്കൈവ്സ് ഡയറക്ടറേറ്റിൽ ഉണ്ടായിരുന്ന എത്ര പ്രോജക്ടുകൾ കാലാവധി പൂർത്തിയാക്കിയിട്ടുണ്ടെന്നുംഎത്ര എണ്ണം സെൻട്രൽ ആർക്കൈവ്സിലേക്ക് സി-ഡിറ്റ് പുനക്രമീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | സി) | ഇതുവരെ ഏറെറടുത്ത പ്രോജക്കുകളെല്ലാം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. സി-ഡിററ് പ്രോജക്കുകളൊന്നും പുന:ക്രമീകരിച്ചിട്ടില്ല. |
| ഡി) സിഡിറ്റിലെ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | ഡി) | നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| ഇ) എങ്കിൽ ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ